**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 996** **10-08-2023 - ൽ മറുപടിയ്ക്ക്**

**കാഞ്ഞങ്ങാട് മണ്ഡലത്തിൽ വനം-വന്യജീവി വകുപ്പിന്റെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കാഞ്ഞങ്ങാട് മണ്ഡലത്തിൽ വനം-വന്യജീവി വകുപ്പ് നടപ്പിലാക്കിയതും നടപ്പാക്കി കൊണ്ടിരിക്കുന്നതുമായ പദ്ധതികളെ കുറിച്ച് വിശദമാക്കാമോ; | (എ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം കാഞ്ഞങ്ങാട് മണ്ഡലത്തിൽ കരിന്തളം ടൈപ്പ്-2 ക്വാർട്ടേഴ്സ്, മരുതോം ടൈപ്പ്-2 ക്വാർട്ടേഴ്സ് എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. റാണിപുരം ഇക്കോ-ടൂറിസം കേന്ദ്രത്തിൽ എത്തുന്ന ടൂറിസ്റ്റുകൾക്കായി കാൻറീൻ നിർമ്മിക്കുകയും ഇക്കോ-ടൂറിസം കേന്ദ്രത്തിൽ ടിക്കറ്റ് കൗണ്ടർ നവീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇക്കോ-ടൂറിസം കേന്ദ്രത്തിൽ ഹാൻഡ് റെയിൽ, ബിൽഡിംഗുകളുടെ സംരക്ഷണത്തിനായി റീടെയിനിംഗ് വാൾ എന്നിവയും യാർഡ് ഡവലപ്പ്മെന്റ്, ഹണി പ്രോസസിംഗ് യൂണിറ്റ് എന്നിവയും പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ കള്ളാറിലുള്ള പനത്തടി സെക്ഷൻ ഹെഡ് ക്വാർട്ടേസിന്റേയും പാണത്തൂരിലുള്ള ചെക്ക് പോസ്റ്റ് ബിൽഡിംങ്ങുകളുടെയും നവീകരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. പാണത്തൂർ ചെക്ക് പോസ്റ്റിന്റെയും, റാണിപുരം ഇക്കോ-ടൂറിസം കേന്ദ്രത്തിന്റെയും സുതാര്യമായ പ്രവർത്തനത്തിനായി സിസിടിവി ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്.<br><br>കൂടാതെ വനത്തിനു പുറത്തുള്ള പുഴയോരങ്ങളിലും പഞ്ചായത്തിന്റെയും, റവന്യൂവകുപ്പിന്റെയും അധീനതയിലുള്ള മണ്ണിടിച്ചിലിനും മണ്ണൊലിപ്പിനും സാധ്യതയുള്ള പ്രദേശങ്ങളിൽ പഞ്ചായത്ത്, എൻ.എസ്.എസ്, എസ്.പി.സി.എ, എന്നിവരുടെ സഹായത്തോടെ മുളകളും മറ്റ് കാട്ടുമരത്തൈകളും വെച്ചു പിടിപ്പിച്ചു വരുന്നുണ്ട്. ഇതിനു പുറമെ കേരള സർക്കാർ വൃക്ഷസമൃദ്ധി എന്ന പദ്ധതിയിലൂടെ എല്ലാ പഞ്ചായത്തുകളിലും വൃക്ഷത്തൈ ഉൽപാദനം ആരംഭിക്കുകയും അതുവഴി വനത്തിനു പുറത്തുള്ള ഭൂമികളിൽ വൃക്ഷവൽക്കരണം വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി വരുകയും ചെയ്യുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | 2022 -23, 2023-24 സാമ്പത്തിക വർഷത്തിൽ കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിലായി അഞ്ച് വിദ്യാവനങ്ങളും പതിനൊന്ന് കുട്ടിവനങ്ങളും നിർമ്മിച്ചിട്ടുണ്ട്. കൂടാതെ വിവിധ സർക്കാർ സ്ഥാപനങ്ങളുടെ ഭൂമിയിൽ ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗ് നടത്തി കുട്ടിവനങ്ങൾ നിർമ്മിച്ചിട്ടുമുണ്ട്. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (ബി) | നബാർഡിന്റെ RIDF-TRANCHE XXIX-ൽപ്പെടുത്തി കാഞ്ഞങ്ങാട് റെയിഞ്ചിൽ മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിനായി 32.25 കി.മീ സ്ഥലത്ത് സൗരോർജ്ജ തൂക്കുവേലി നിർമ്മിക്കുന്നതിന് 270 ലക്ഷം രൂപയുടെ ഒരു പ്രപ്പോസൽ സർക്കാർ പരിശോധിച്ച് വരികയാണ്. ടി പ്രൊപ്പോസലിൽ കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽപ്പെടുന്ന കണ്ടപ്പള്ളി-കാപ്പിത്തട്ട്, പാടി-ഇടക്കാനം, ചെർണ്ണൂർ-പവിത്രംകയം, റാണിപുരം-എൻ പ്ലാന്റേഷൻ, പാടികൊച്ചി-രംഗത്തുമല, പരിയാരംകണ്ടി-കുവക്കാട് എന്നിവിടങ്ങളിലെ സൗരോർജ്ജ തൂക്കുവേലികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് കൂടാതെ വെള്ളരിക്കുണ്ടിൽ നബാർഡ് RIDF-TRANCHE XXVIII-ൽപ്പെടുത്തി ഒരു ലേഡീസ് ബാരക്ക് നിർമ്മാണത്തിനായി 121 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതും പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ